# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 920** **07.02.2013-ൽ മറുപടിക്ക്**

## പട്ടുവം ജപ്പാൻകുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ നടപ്പിലാക്കി വരുന്ന പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിക്കായി ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണ് ; | (എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൈക്ക സഹായത്തോടെയുള്ള പട്ടുവം ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നാല് പാക്കേജുകളായി നടത്തി വരുന്നു. അവയുടെ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.<br>**പാക്കേജ് ഒന്നിൽ,** പഴശ്ശിയിലെ കുയിലൂരിലുള്ള പമ്പ് ഹൗസിൽ 850 എച്ച്. പി ശേഷിയുള്ള 3 പമ്പുകളും, ശുദ്ധീകരണ ശാലവരെ 11.10 കി.മീ. ദൈർഘ്യമുള്ള പമ്പിംഗ് മെയിനും, പെരുവളത്തു പറമ്പിലെ 90 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാലയും പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.<br>**പാക്കേജ് രണ്ടിൽ,** ശുദ്ധീകരിച്ച ജലം 21 കി.മീ. ട്രാൻസ്മിഷൻ പൈപ്പിലൂടെ കുറുമാത്തൂരിലെ കുനത്തുള്ള പ്രധാന ടാങ്കിൽ എത്തുന്നു. തുടർന്ന് ഒരു ഭാഗം കാഞ്ഞിരങ്ങാട് വഴി ആടിക്കുംപാറ, കണ്ണോം, കഴിച്ചാൽ കല്ല്യാശ്ശേരി, കാരക്കുന്ന്, കരിക്കാപ്പാറ എന്നീ ടാങ്കുകളിലെത്തുന്നു. കാഞ്ഞിരങ്ങാട് നിന്ന് ഒരു ഭാഗം ബൂസ്റ്റർ പമ്പ് വഴി നാട്ടുകാണിയിലും തുടർന്ന് മടക്കാട്, മടന്തട്ട്, കാരക്കുണ്ട് എന്നീ ടാങ്കുകളിലും, മടക്കാട് ബൂസ്റ്റർ വഴി ഒട്ടുവള്ളിത്തട്ടിലും എത്തുന്നു. വിവിധ ടാങ്കുകളിൽ ശുദ്ധീകരിച്ച ജലം |

എത്തിക്കുന്നതിന് ആകെ വേണ്ട 82.3 കി.മീ. ദൈർഘ്യമുള്ള ട്രാൻസ്മിഷൻ പൈപ്പ് ലൈനുകളുടെ പണികൾ പൂർത്തിയായിട്ടുണ്ട്. ബൂസ്റ്റർ സ്റ്റേഷൻ തുടങ്ങിയ അനുബന്ധ പണികളും പൂർത്തിയായിട്ടുണ്ട്.

പമ്പ് ഹൗസ്, ജലശുദ്ധീകരണശാല, വിവിധ ടാങ്കുകൾ ഇവയെ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ നിയന്ത്രിത സംവിധാനത്തിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

**പാക്കേജ് മൂന്നിൽ,** ജലവിതരണ ശൃംഖലയ്ക്ക് വേണ്ടി 623 കി.മീ. പൈപ്പ് ഇടുന്നതിന്റെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യം പണി ഏറ്റെടുത്ത കെ. രാമകൃഷ്ണ കോൺട്രാക്ടർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കരാറുകാരൻ 171 കി.മീ. പൈപ്പുകൾ മാത്രമേ ഇട്ടിരുന്നുള്ളൂ. പ്രസ്തുത കരാറുകാരന്റെ വീഴ്ച കാരണം കരാർ റദ്ദാക്കുകയും ബാക്കി പണികൾ മൂന്ന് പാക്കേജുകളിലായി വീണ്ടും ടെണ്ടർ ചെയ്ത് കരാറുകൾ നൽകി പണി പൂർത്തീകരിച്ചു വരുകയും ചെയ്യുന്നു. ഇപ്പോൾ ആകെ 434 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുകയും 137 കി.മീ. പൈപ്പ് ലൈനിൽ കൂടി ജലം ലഭ്യമാക്കി കണക്ഷൻ നൽകിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്.

**പാക്കേജ് നാലിൽ** പെട്ട 13 ടാങ്കുകളുടെയും പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

| | | |
|---|---|---|
| (ബി) | പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശി-ക്കുന്നത് ? | (ബി) പ്രസ്തുത പദ്ധതി 2013 മാർച്ചിൽ ഭാഗികമായും 2013 അവസാനത്തോടെ പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ